# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.05.2025** **TIME : 12.50 PM**

### പ്രധാനവാർത്തകൾ

1) സായുധ സേനയുടെ സേവനങ്ങൾക്ക് രാജ്യം എക്കാലവും കടപ്പെട്ടിരിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ആദംപൂർ വ്യോമത്താവളം പ്രധാനമന്ത്രി സന്ദർശിച്ചു.

   Prime Minister Narendra Modi said that India is eternally grateful to the armed forces for everything they do for the nation. Prime Minister Narendra Modi visited Adampur Air Base in Punjab this morning and interacted with brave air warriors and soldiers.

2) രാജ്യത്തെ സുരക്ഷാ സ്ഥിതികൾ വിലയിരുത്തുന്നതിനായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു.

   Defence Minister Rajnath Singh held a high level meeting in New Delhi today with CDS and Tri-services chiefs.

3) സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. വിജയശതമാനം 88.39 CBSE Class 12 Results Declared: 88.39 percent of students have passed the board exams.

4) സുപ്രിംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് ഔദ്യോഗിക കാലാവധി പൂർത്തിയാക്കും.

Chief Justice of India Sanjiv Khanna will retire on Tuesday, marking the end of his tenure as the 51st Chief Justice of the Supreme Court.

5) യുകെയിൽ സ്ഥിരതാമസമനുവദിക്കുന്നതിനുള്ള, താമസ കാലയളവ് അഞ്ച് വർഷത്തിൽ നിന്ന് 10 വർഷമായി ദീർഘിപ്പിച്ചു.

British Prime Minister Keir Starmer announced that the residency period required to obtain permanent settlement in Britain has been extended from five to 10 years.

6) ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കും.

IPL 2025 to resume on May 17 after week-long pause amid India-Pak tensions

********************

## PM - Adampur visit

പ്രധാനമന്ത്രി നരേന്ദ്ര മോദി പഞ്ചാബിലെ ആദംപൂർ വ്യോമത്താവളം സന്ദർശിച്ചു. വ്യോമത്താവളത്തിൽ ഇന്ന് രാവിലെ എത്തിയ അദ്ദേഹം സേനാംഗങ്ങളുമായി ആശയവിനിമയം നടത്തി.സായുധ സേന നൽകുന്ന സേവനങ്ങൾക്ക് രാജ്യം എക്കാലവും കടപ്പെട്ടിരിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. നിശ്ചയ ദാർഢ്യം, നിർഭയത്വം,ധീരത എന്നിവയുടെ പ്രതീകമായ സേനാംഗങ്ങൾക്ക് ഒപ്പമുള്ള നിമിഷങ്ങൾ ഏറെ വിലപ്പെട്ടതാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ - പാകിസ്ഥാൻ

വെടിനിർത്തലിന് ശേഷം ഇതാദ്യമായാണ് പ്രധാനമന്ത്രി വ്യോമത്താവളം സന്ദർശിക്കുന്നത്. സേനാംഗങ്ങളോടൊപ്പമുള്ള ചിത്രങ്ങളും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പങ്കുവെച്ചു

********************

## PM ADDRESS (INTRO)

ഇന്ത്യൻ പൗരന്മാർക്ക് നേരെയുള്ള ആക്രമണ നീക്കങ്ങൾക്ക് അതിശക്തമായ തിരിച്ചടി ലഭിക്കുമെന്ന സന്ദേശം ഓപ്പറേഷൻ സിന്ദൂർ ഭീകര സംഘടനകൾക്ക് നൽകിയതായും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭീകരതയോടുള്ള ഇന്ത്യയുടെ അചഞ്ചലമായ പോരാട്ടത്തിന് അടിവരയിടുന്നതിനൊപ്പം, രാജ്യത്തിൻറെ ശക്തി ലോകത്തിന് മുന്നിൽ വ്യക്തമാക്കാനും ഓപ്പറേഷൻ സിന്ദൂറിൻറെ വിജയത്തിലൂടെ സാധിച്ചതായി ഇന്നലെ രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി വ്യക്തമാക്കി.

(HOLD VOICE)

പാകിസ്ഥാനുമായി ഭീകരവാദത്തെക്കുറിച്ചും, പാക് അധിനിവേശ കശ്മീരിനെക്കുറിച്ചുമല്ലാത്ത ഒരു ചർച്ചയ്ക്കും ഇന്ത്യയ്ക്ക് താത്പര്യമില്ല. ഭീകരവാദത്തെ പിന്തുണയ്ക്കുന്ന സമീപനമാണ് പാക് സൈന്യം തുടരുന്നതെന്നും, ഇത് സ്വന്തം തകർച്ചയ്ക്ക് വഴിയൊരുക്കുമെന്നും ശ്രീ മോദി വിമർശിച്ചു. ഭീകരതയും ചർച്ചകളും ഒന്നിച്ചുപോകില്ല. ഓപ്പറേഷൻ സിന്ദൂർ താൽകാലികമായാണ് നിർത്തിവച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു. വരും ദിവസങ്ങളിലെ പാകിസ്ഥാൻറെ ഓരോ നീക്കവും ഇന്ത്യ വിലയിരുത്തും. ഇന്ത്യയ്ക്കെതിരായ ഏതൊരു ഭീകരാക്രമണത്തിനും ശക്തവും ദൃഢവുമായ മറുപടി നൽകും. ആണവഭീഷണിയും വിലപേശലും വച്ചു പൊറുപ്പിക്കില്ലെന്നും, ഭീകരര പിന്തുണയ്ക്കുന്നവരെയും ഭീകരരെ പോലെ തന്നെ നേരിടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(HOLD VOICE)

ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചതിൻറെ ആദ്യ മൂന്ന് ദിവസത്തിനുള്ളിൽ, പാകിസ്ഥാന് പ്രതീക്ഷിച്ചതിലും വലിയ നാശനഷ്ടം നേരിടേണ്ടി വന്നു. പ്രതിസന്ധിയിൽ നിന്ന് കരകയറാൻ പാകിസ്ഥാൻ ആഗോള സമൂഹത്തോട് അഭ്യർത്ഥിച്ചതിന് പിന്നാലെ, മെയ് 10 ന് ഇന്ത്യയുടെ ഡയറക്ടർ ജനറൽ മിലിട്ടറി ഓപ്പറേഷൻസ്-ഡിജിഎംഒയെ സമീപിച്ചെന്നും പ്രധാനമന്ത്രി വെളിപ്പെടുത്തി. ഇന്ത്യയ്ക്കെതിരായ എല്ലാ ഭീകര പ്രവർത്തനങ്ങളും സൈനിക ആക്രമണങ്ങളും അവസാനിപ്പിക്കാമെന്ന് പാകിസ്ഥാൻ ഉറപ്പ് നൽകിയതോടെയാണ് പാക് ഭീകരർക്കും സൈനിക കേന്ദ്രങ്ങൾക്കും എതിരായ പ്രത്യാക്രമണം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഇന്ത്യ തീരുമാനിച്ചതെന്നും പ്രധാനമന്ത്രി പറഞ്ഞു.

********************

## Defence Minister Meet

രാജ്യത്തെ സുരക്ഷാ സ്ഥിതികൾ വിലയിരുത്താൻ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. സംയുക്ത സേന മേധാവി, പ്രതിരോധ സെക്രട്ടറി, കര - നാവിക സേനകളുടെ മേധാവികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

********************

## FLIGHTS-CANCELLED

നിലവിലെ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്ത് ജമ്മു, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡിഗഡ്, രാജ്കോട്ട് വിമാനത്താവളങ്ങളിലേക്കുള്ള എല്ലാ വിമാന സർവ്വീസുകളും റദ്ദാക്കിയതായി എയർ ഇന്ത്യ

. സർവ്വീസുകളുടെ പുതിയ സമയക്രമത്തെ കുറിച്ചുള്ള വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ നിന്ന് ലഭിക്കുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി. ഇൻഡിഗോ വിമാന കമ്പനിയും ജമ്മു, ശ്രീനഗർ, ലേ, അമൃത്സർ, ഛണ്ഡിഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കുള്ള ഇന്നത്തെ എല്ലാ

സർവ്വീസും റദ്ദാക്കിയിട്ടുണ്ട്. അതെസമയം, ഡൽഹി വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണ്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ചില വിമാന സർവീസുകൾ വൈകുന്നുണ്ട്.

കൃത്യമായ വിവരങ്ങൾക്കായി യാത്രക്കാർ ഔദ്യോഗിക ഉറവിടങ്ങളെ ആശ്രയിക്കണമെന്ന് അധികൃതർ നിർദേശം നൽകി.

********************

## JK School

ജമ്മുവിലെ, അതിർത്തി മേഖലയ്ക്ക് പുറത്തുള്ള ജില്ലകളിലെയും കശ്മീർ ഡിവിഷനുകളിലെയും സ്കൂളുകളും കോളേജുകളും ഇന്ന് മുതൽ തുറന്നു പ്രവർത്തിക്കുമെന്ന് ജമ്മു കശ്മീർ സർക്കാർ. സുരക്ഷാസ്ഥിതിഗതികൾ അവലോകനം ചെയ്ത ശേഷമാണ് തീരുമാനം. സുരക്ഷാ മുൻകരുതലിൻറെ ഭാഗമായി അതിർത്തി പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടൻ തുറക്കില്ല.

********************

## J &K-GUNFIGHT

ജമ്മു കശ്മീരിലെ ഷോപ്പിയാൻ ജില്ലയിലുള്ള സുക്രു കെല്ലർ വനമേഖലയിൽ സുരക്ഷ സേനയും ഭീകരരുമായി ഏറ്റുമുട്ടൽ. വനമേഖലയിൽ ഭീകരരുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരസേനയും, പോലീസും, സി ആർ പി എഫും ചേർന്ന് നടത്തിയ സംയുക്ത നടപടിയ്ക്കിടെയാണ് വെടിവെയ്പ്പുണ്ടായത്.

********************

## CBSE-12TH RESULTS

സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. 88.39 ആണ് വിജയശതമാനം. കഴിഞ്ഞ വർഷത്തേക്കാൾ 0.41 ശതമാനത്തിന്റെ വർധനവാണ് ഇത്തവണ ഉണ്ടായത്. 99.60 ശതമാനം വിജയവുമായി വിജയവാഡ മേഖലയാണ് ഒന്നാമത്.

99.32 ശതമാനം  വിജയവുമായി തിരുവനന്തപുരം മേഖല രണ്ടാമതെത്തി. പെൺകുട്ടികളാണ് കൂടുതൽ മികച്ച പ്രകടനം കാഴ്ചവച്ചത്. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികളും 100 ശതമാനം വിജയം കരസ്ഥമാക്കി.  cbseresults.nic.in, results.nic.in  തുടങ്ങിയ വെബ്സൈറ്റുകളിലൂടെ ഫലം അറിയാൻ സാധിക്കും.

*******************

## CJI Sanjiv Khanna

സുപ്രിംകോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ന് വിരമിക്കും. 2024 നവംബർ 10-ന് ചുമതലയേറ്റ അദ്ദേഹം ആറ് മാസത്തെ സേവനത്തിന് ശേഷമാണ് വിരമിക്കുന്നത്.  പുതിയ ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി ആർ ഗവായ് നാളെ ചുമതലയേൽക്കും. 2025 നവംബർ 23 വരെയാണ് അദ്ദേഹത്തിൻറെ നിയമന കാലാവധി.

*******************

## PLUS ONE

സംസ്ഥാനത്ത് പ്ലസ് വൺ  പ്രവേശനത്തിനുള്ള അപേക്ഷകൾ നാളെ മുതൽ സമർപ്പിക്കാം. പൂർണമായും ഓൺലൈനാണ് പ്രവേശന നടപടികൾ. ഈമാസം 20 വരെ അപേക്ഷ നൽകാം. 24 ന് ട്രയൽ അലോട്ട്മെൻറ് നടക്കും. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെൻറ്. ജൂൺ പതിനെട്ടിന് ക്ലാസുകൾ ആരംഭിക്കും.

*******************

## Muthalapozhi (INTRO)

തിരുവനന്തപുരത്തെ മുതലപ്പൊഴിയിൽ ഡ്രഡ്ജിങ് ഭാഗികമായി പുനരാരംഭിച്ചു. കണ്ണൂരിൽ നിന്നുള്ള ഡ്രഡ്ജറുപയോഗിച്ചാണ് ഇപ്പോൾ മണൽ നീക്കം ചെയ്യുന്നത്. വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....

(വോയ്സ്)

*******************

## Nandancode massacre

തിരുവനന്തപുരം നന്തൻകോട് കൂട്ടകൊല കേസിൽ അല്പസമയത്തിനകം ശിക്ഷാ വിധി പുറപ്പെടുവിക്കും.

മാതാപിതാക്കളേയും സഹോദരിയെയും ബന്ധുവായ സ്ത്രീയെയും കൊലപ്പെടുത്തിയ കേസിൽ കേഡൽ ജിൻസൺ രാജ കുറ്റക്കാരനാണെന്ന് തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതി കണ്ടെത്തിയിരുന്നു.

********************

## PUNJAB-LIQUOR DEATH

പഞ്ചാബിലെ അമൃത്സർ ജില്ലയിലെ മജിതയിൽ വ്യാജമദ്യം കഴിച്ച് പതിനാല് പേർ മരിച്ചു . ആറ് പേർ ചികിത്സയിലാണ്. മദ്യം വിതരണം ചെയ്തവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട് . സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ് .

********************

## IPL

ഇന്ത്യ- പാകിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ നിർത്തിവച്ച ഐപിഎൽ മത്സരങ്ങൾ ഈ മാസം 17 മുതൽ പുനരാരംഭിക്കുമെന്ന് ബിസിസിഐ. 17ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

എന്നാൽ മൊഹാലിയിലും ധരംശാലയിലും മത്സരം ഉണ്ടായിരിക്കില്ല.

********************

## UK-VISA

യുകെയിൽ സ്ഥിരതാമസമനുവദിക്കുന്നതിനുള്ള, താമസ കാലയളവ് അഞ്ച് വർഷത്തിൽ നിന്ന് 10 വർഷമായി നീട്ടിയതായി ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ. കുടിയേറ്റ നിയന്ത്രണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ധവളപത്രം പുറത്തിറക്കുകയായിരുന്നു അദ്ദേഹം.

കുടിയേറ്റക്കാരുടെ തൊഴിൽ നൈപുണ്യ പരിധി

ഉയർത്തുമെന്നും, ബിരുദവും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും കർശനമാക്കുമെന്നും കെയർ സ്റ്റാർമർ പറഞ്ഞു. അടുത്ത നാല് വർഷംകൊണ്ട് കുടിയേറ്റക്കാരുടെ എണ്ണം വളരെയധികം കുറയ്ക്കാൻ പുതിയ മാനദണ്ഡങ്ങൾ സഹായിക്കുമെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി വ്യക്തമാക്കി. വിദേശത്തു നിന്നും കെയർ വർക്കർമാരെ റിക്രൂട്ട് ചെയ്യുന്നത് നിരോധിക്കാനും യുകെ പദ്ധതിയിടുന്നുണ്ട്.

*******************

## ISRAELI HOSTAGE RELEASED

ഗാസയിൽ തടങ്കലിലായിരുന്ന ഇസ്രായേലി-അമേരിക്കൻ ബന്ദി ഏദൻ അലക്സാണ്ടറിനെ ഹമാസ് മോചിപ്പിച്ചു. 19 മാസത്തോളം തടവിലായിരുന്ന ഏദനെ, ഹമാസുമായുള്ള യുഎസിന്റെ നേരിട്ടുള്ള ചർച്ചകൾക്ക് ശേഷമാണ് വിട്ടയച്ചത്. ഏദന്റെ മോചനത്തെ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സ്വാഗതം ചെയ്തു.

*******************

## CANNES FILM FESTIVAL

78-ാമത് കാൻസ് ചലച്ചിത്രോത്സവത്തിന് ഇന്ന് ഫ്രാൻസിൽ തുടക്കം. 12 ദിവസത്തെ മേളയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറു കണക്കിന് ചലച്ചിത്ര പ്രതിഭകൾ പങ്കെടുക്കും. Lights, Beauty and Action എന്നതാണ് ഇത്തവണത്തെ കാൻസ് മേളയുടെ പ്രമേയം.

*******************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 1,011 പോയിൻറ് നഷ്ടത്തിൽ 81,426 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 244 പോയിൻറ് നഷ്ടത്തിൽ 24,668 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർദ്ധന. പവന് 120 രൂപ വർദ്ധിച്ച് 70,120 രൂപയും ഗ്രാമിന് 15 രൂപ വർദ്ധിച്ച് 8,765 രൂപയുമാണ് ഇന്നത്തെ വില.

********************

********************

**********